പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1750

18.06.2012- ൽ മറുപടിക്ക്

## ലക്ഷംവീട് കോളനികളുടെ പുനരുദ്ധാരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ.വി.വിജയദാസ്: | | ശ്രീ.കെ.എം.മാണി. (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
| എ | ലക്ഷംവീട് കോളനികളുടെ പുനരുദ്ധാരണത്തിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും, എത്ര കുടുംബങ്ങൾക്ക് ഇതിനോടകം ഇതിന്റെ ആനുകൂല്യം ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | എ | ലക്ഷം വീട് കോളനികളുടെ പുനരുദ്ധാരണത്തിനായി ഹൗസിംഗ് ബോർഡിന്റെ വിഹിതവും ഗ്രാമപ്പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ ഇതിനോടകം 75,05,19,618 രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനോടകം 12405 വീടുകൾക്ക് സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. |
| ബി | എസ്.ഡി.ജി.യുടെ ആദ്യ ബാച്ചിൽ കൂടുതൽ തുക ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | ബി | ഉണ്ട്. |
| സി | ശോചനീയാവസ്ഥയിലുള്ള ലക്ഷംവീട് കോളനികളുടെ സമ്പൂർണ്ണ പുനരുദ്ധാരണം എത്ര നാളുകൾക്കുള്ളിൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി എന്തെങ്കിലും പാക്കേജ് ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | സി | എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതി 2011-12 വർഷത്തോടെ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ലക്ഷം വീടുകളുടെ പുനരുദ്ധാരണവും പരിഹരിയ്ക്കുന്നതിനുകൂടിയാണ് എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട് എന്ന പദ്ധതിയ്ക്ക് രൂപം നൽകുന്നത്. |

സെക്ഷൻ ഓഫീസർ